Draft #1 of File 30907/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Sep-2019 02:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രവേശനനടപടികൾ അവസാനിപ്പിച്ചതിന് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് ഉള്ള പ്രവേശനം - പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് 75% ഹാജർ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി നിയമാനുസരണം പ്രവേശനം നടത്തുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4393/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.09.2019

---

പരാമർശം:-(1) 16.08.2019 തീയതിയിലുള്ള സ്കൂൾ ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് വകുപ്പ് മേധാവി ബഹു: വൈസ് ചാൻസലർക്ക് സമർപ്പിച്ച കത്ത്.

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം സ്കൂൾ ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് വകുപ്പ് മേധാവി പ്രവേശന നടപടികൾ അവസാനിച്ചതിന് ശേഷം പഠന വകുപ്പിൽ ഒഴിവ് വന്ന സീറ്റിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുവാൻ അനുവാദം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു: വൈസ് ചാൻസലർക്ക് കത്ത് നൽകിയിരിക്കുന്നു. വിവിധ പഠന വകുപ്പ് മേധാവിമാർ സമാന ആവശ്യം ഉന്നയിച്ചുകൊണ്ട് കത്ത് നൽകിയിരുന്നു. ഇക്കാര്യം പരിഗണിച്ച ബഹു. വൈസ് ചാൻസലർ പ്രവേശന നടപടികൾ അവസാനിച്ചതിന് ശേഷം വിവിധ പഠന വകുപ്പുകളിൽ ഒഴിവ് വരുന്ന സീറ്റുകളിലേക്ക് പ്രവേശനം നടത്തുമ്പോൾ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ചുരുങ്ങിയത് 75 % ഹാജർ ലഭിക്കുന്നുണ്ടോ എന്ന് അതാത് പഠന വകുപ്പ് മേധാവിമാർ ഉറപ്പ് വരുത്തിയതിന് ശേഷം നിയമാനുസരണം പ്രവേശനം നടത്താവുന്നതാണെന്ന ഉപാധിയോട് കൂടി അംഗീകരിച്ച് ഉത്തരാവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
2. വൈസ് ചാൻസലറുടെ പി.എസ്
3. രജിസ്ട്രാറുടെ പി.എ, എ.സി.എ 1, എ.സി.എ 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 30907/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Sep-2019 02:43 PM - Page 2